# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 92 — 13.12.2012 ൽ - മറുപടിക്ക്

## റേഷൻ സബ്സിഡി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>'' ഇ.പി. ജയരാജൻ<br>'' എ. എം. ആരിഫ്<br>'' പുരുഷൻ കടലുണ്ടി | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) | റേഷൻ ഷാപ്പുകളിൽ റേഷനരിയുടെ വില പൂർണ്ണമായും ഈടാക്കി സബ്സിഡി പിന്നീട് ബാങ്ക് അക്കൗണ്ട് വഴി നൽകിയാൽമതിയെന്ന തീരുമാനം എടുത്തിട്ടുണ്ടോ; ആദ്യം റേഷൻ ഷാപ്പുകളിൽ നിന്നും പിന്നീട് ബാങ്ക് അക്കൗണ്ടുകളിൽ നിന്നും സബ്സിഡി എടുത്തുകളയാനാണോ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | നിലവിൽ സബ്സിഡി പദ്ധതിയിൽ ഉൾപ്പെട്ട എ.പി.എൽ. കാർഡുകൾക്കു നൽകി വരുന്ന സബ്സിഡി തുക കാർഡുടമകളുടെ ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സബ്സിഡി നൽകുന്നത് നിർത്തലാക്കുന്നതിന് സർക്കാർ ഉദ്ദേശിച്ചിട്ടില്ല. സബ്സിഡി തുക മുൻകൂറായി എഫ്.സി.ഐ.യിൽ ഒടുക്കി വരികയാണ് ചെയ്യുന്നത്. ഇതൊഴിവാക്കി ഗുണഭോക്താക്കൾ കൈപ്പറ്റുന്ന ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി തുക നേരിട്ട് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിനുള്ള പുതിയ പദ്ധതിയാണ് സർക്കാർ വിഭാവനം ചെയ്യുന്നത്. |
| (ബി) | റേഷനരിക്ക് സബ്സിഡി നൽകേണ്ടി വന്ന സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നില്ലെന്ന്വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | കൂടിയ വില നൽകി റേഷനരി വാങ്ങാൻ ഗതിയില്ലാത്ത നിർദ്ധനരാണ് റേഷൻ കടകളിലെത്തുന്നതെന്ന വസ്തുത കണക്കിലെടുത്ത് സബ്സിഡിയോടു കൂടി തന്നെ റേഷൻ അരി തുടർന്നും വിതരണം ചെയ്യാൻ തയ്യാറാകുമോ; | (സി) | റേഷനരി സബ്സിഡിയോടെ തന്നെ വിതരണം ചെയ്യാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ സബ്സിഡി തുക മുൻകൂറായി ഒടുക്കുന്നതിന് പകരം ഗുണഭോക്താക്കൾ കൈപ്പറ്റുന്ന ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി നേരിട്ട് ബാങ്ക് അക്കൗണ്ട് മുഖേന നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| (ഡി) | റേഷൻ സബ്സിഡി ഇനത്തിൽ സർക്കാർ കൊടുത്തു തീർക്കാനുള്ള കുടിശ്ശിക എത്രയാണെന്ന് വിശദമാക്കുമോ? | (ഡി) | റേഷൻ സബ്സിഡിയിനത്തിൽ എഫ്.സി.ഐ.യ്ക്ക് നൽകാൻ കുടിശ്ശികയൊന്നുമില്ല. 2012 നവംബർ മാസത്തിൽ കുത്തരി വിതരണം ചെയ്ത വകയിൽ 13,20,11,000 (പതിമൂന്ന്കോടി ഇരുപത് ലക്ഷത്തി പതിനൊന്നായിരം) രൂപ സപ്ലൈകോയ്ക്ക് നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ